# പതിമൂന്നാം കേരള നിയമസഭ

## പതിമൂന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ -162      09.03.2015 ൽ മറുപടിയ്ക്ക്

## ജനകീയ പ്രക്ഷോഭങ്ങൾക്ക് നേരെ എടുത്ത പോലീസ് നടപടി

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.എസ്.രാജേന്ദ്രൻ | ശ്രീ.രമേശ് ചെന്നിത്തല<br>(ആഭ്യന്തരവും, വിജിലൻസും വകുപ്പ് മന്ത്രി) |
| (എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ഇതുവരെ ജനകീയ പ്രക്ഷോഭങ്ങൾക്ക് നേരെ എത്ര പോലീസ് ലാത്തിച്ചാർജ്ജ്, ടിയർഗ്യാസ് ഷെൽ പ്രയോഗം, ജലപീരങ്കി പ്രയോഗം എന്നിവ നടത്തിയിട്ടുണ്ടെന്ന് വ്യക്തമാക്കാമോ; | (എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ജനകീയ പ്രക്ഷോഭങ്ങൾക്കുനേരെ പോലീസ് ലാത്തിച്ചാർജ്ജ്, ടിയർഗ്യാസ് ഷെൽ പ്രയോഗം, ജലപീരങ്കി പ്രയോഗം എന്നിവ നടത്തിയിട്ടില്ല. എന്നാൽ പ്രക്ഷോഭങ്ങൾ അക്രമാസക്തമാകുന്ന വേളയിൽ പോലീസ് നടപടിയുടെ ഭാഗമായി ഈ കാലയളവിൽ 33 ലാത്തിച്ചാർജ്ജും, 70 ജലപീരങ്കി പ്രയോഗവും, 88 ടിയർഗ്യാസ് ഷെൽ പ്രയോഗവും നടത്തിയിട്ടുണ്ട്. |
| (ബി) ഈ കാലയളവിൽ പൊതുനിരത്തുകളിൽ പ്രകടനം നടത്തിയതിന് എത്രപേർക്കെതിരെ കേസ്സെടുത്തിട്ടുണ്ടെന്ന് വ്യക്തമാക്കാമോ; | (ബി) ഈ കാലയളവിൽ പൊതു നിരത്തുകളിൽ പ്രകടനം നടത്തിയതിന് 4,53,834 പേർക്കെതിരെ കേസ്സെടുത്തിട്ടുണ്ട്. |
| (സി) പോലീസ് ജനപ്രതിനിധികളോട് അപമര്യാദയായി പെരുമാറിയതോ ജനപ്രതിനിധികളെ മർദ്ദിച്ചതോ ആയ എത്ര പരാതികൾ ലഭിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ? | (സി) പോലീസ് ജനപ്രതിനിധികളോട് അപമര്യാദയായി പെരുമാറിയതോ, ജനപ്രതിനിധികളെ മർദ്ദിച്ചതോ ആയി ആരോപിച്ച് കൊണ്ടുള്ള 8 പരാതികൾ ലഭിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ